**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 184** **04-10-2021 - ൽ മറുപടിയ്ക്ക്**

**പാലക്കാട് എലപ്പുള്ളി താലൂക്ക് ആസ്ഥാന ആശുപത്രിയുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ എലപ്പുള്ളി താലൂക്ക് ആസ്ഥാന ആശുപത്രിയുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് അറിയിക്കാമോ; | (എ) | എലപ്പുള്ളി താലൂക്ക് ആസ്ഥാന ആശുപത്രിക്ക് പുതിയ കെട്ടിട നിർമ്മാണം എന്ന പ്രവർത്തിക്കായി മലമ്പുഴ നിയോജകമണ്ഡലം എം.എൽ.എ യുടെ ആസ്തി വികസന പദ്ധതി (2018 -2019)ഫണ്ടിൽ നിന്നും 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി പഴയ മെയിൽ വാർഡ് കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. കെട്ടിടം പൊളിക്കുന്നതിനുള്ള ലേലം,പുനർ ലേലം,പത്ര പരസ്യം എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശുപത്രി വികസന സമിതി യോഗത്തിൽ ആശുപത്രിയിലെ പ്രവർത്തന യോഗ്യമല്ലാത്ത മറ്റു കെട്ടിടങ്ങളും പൊളിച്ചു മാറ്റി, എം.എൽ.എ ഫണ്ട് ഉപയോഗിച്ച് കൂടതൽ സൗകര്യ ങ്ങളോടു കൂടിയ ബഹ നില കെട്ടിടം പണിയുവാൻ തീരുമാനിച്ചിട്ടുണ്ട്.ഉപയോഗ ശൂന്യമായ കെട്ടിടങ്ങളുടെ അൺഫിറ്റ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ ബ്ലോക്ക് പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ നിലവിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും ഇനി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കാമോ? | (ബി) | നിലവിൽ ജനറൽ ഒ.പി, സ്പെഷ്യാലിറ്റി ഒ.പി (ഗൈനക്കോളജി), പീഡിയാട്രിക്സ്, ഡെന്റൽ സൗകര്യങ്ങൾ ഉണ്ട്. ദിവസേനയുള്ള വാക്സിനേഷൻ, പ്രതിരോധ കുത്തിവെയ്പ് എന്നിവ നടന്നു വരുന്നു. സായാഹ്ന ഒ.പി തുടങ്ങുന്ന തിനായി എൻ.എച്ച്.എം ഡോക്ടറുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഭാവിയിൽ പുതിയ കെട്ടിടം വരുന്ന മുറയ്ക്ക് ഐ.പി സേവനങ്ങളും മറ്റ് ബന്ധപ്പെട്ട സേവനങ്ങളും ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ